## പതിമൂന്നാം കേരള നിയമസഭ
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5932** **08.07.2013 ൽ മറുപടിയ്ക്ക്**

## കർഷകരുടെ ഡാറ്റാബേസ്

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. സി.ദിവാകരൻ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഏതെല്ലാം കൃഷി ഭവനുകളിലാണ് കർഷകരുടെ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടുള്ളത് ; | (എ) കേരളത്തിലെ എല്ലാ കൃഷി ഭവനുകളിലും കർഷകരുടെ ഡാറ്റാബേസ് തയ്യാറാക്കുവാനുള്ള അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിലെ എല്ലാ കർഷകർക്കും അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ കർഷകർക്ക് അപേക്ഷ നൽകുവാനുള്ള തീയതി 31.07.2013 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ബി) ഇതിലൂടെ എന്തെല്ലാം വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ബി) രജിസ്ട്രേഷന്റെ ഭാഗമായി കർഷകരിൽ നിന്നും കൃഷിക്കാരന്റെ പേരും മേൽവിലാസവും, ഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി, വിഭാഗം (ജനറൽ/ഒ.ബി.സി/എസ്സ്.സി.എസ്സ്.റ്റി) കൃഷി ചെയ്യുന്ന വിളകളും, വിസ്തീർണ്ണവും, റേഷൻ കാർഡ് നമ്പർ, പാൻ നമ്പർ, അക്കൗണ്ട് ഉള്ള ബാങ്കിന്റെ പേര്, ബ്രാഞ്ച്, ടെലിഫോൺ നമ്പർ, ഐ.എഫ്.എസ്സ്.സി കോഡ്, അക്കൗണ്ട് നമ്പർ, ബാങ്ക് വായ്പയുടെ വിവരങ്ങൾ, വിദ്യാഭ്യാസ വായ്പകൾ/ കെട്ടിട വായ്പ, കാർഷിക വായ്പ തുടങ്ങിയ വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളത്. കൂടാതെ ആധാർ നമ്പരും ശേഖരിക്കുന്നതാണ്. വിവരം ശേഖരിക്കുന്നതിന് വിതരണം ചെയ്ത അപേക്ഷാഫോമിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ല കോഡ് | ബ്ലോക്ക് കോഡ് | കൃഷിഭവൻ കോഡ് | കർഷകന്റെ കോഡ് |
|---|---|---|---|
| | | | |

## ധനസഹായം നൽകുന്നതിനുള്ള അധികാര പത്രം
(ഇലക്ട്രോണിക് സംവിധാനം മുഖേന)

കൃഷി ഭവന്റെ പേരും മേൽവിലാസവും :

ബ്ലോക്കിന്റെ പേര് :

ജില്ല :

| | | | |
|---|---|---|---|
| 1 | കൃഷിക്കാരന്റെ പേര് | | |
| 2 | മേൽവിലാസം(പിൻകോഡ് സഹിതം)<br><br>ഫോൺ നമ്പർ<br>ഇ.മെയിൽ ഐ.ഡി | | |
| 3 | വയസ് | | |
| 4 | സ്ത്രീ / പുരുഷൻ | | |
| 5 | വിഭാഗം<br>ജനറൽ/ഒ.ബി.സി/എസ്.സി/എസ്.ടി | | |
| 6 | സർവ്വേ നമ്പർ/ വിസ്തീർണ്ണം (ഹെ.) | സ്വന്തം | പാട്ടം |
| | | | |
| 7 | വിളയും വിസ്തീർണ്ണവും | 1. | |
| | | 2. | |
| | | 3. | |
| 8 | റേഷൻ കാർഡ് നമ്പർ | | |
| 9 | ഇലക്ഷൻ കമ്മീഷന്റെ തിരിച്ചറിയൽ കാർഡ് നമ്പർ | | |
| 10 | പാൻ നമ്പർ | | |
| 11 | ബാങ്കിന്റെ പേര് | | |
| 12 | ബ്രാഞ്ചിന്റെ പേര്/ സ്ഥലം | | |
| 13 | പിൻകോഡ് | | |
| 14 | ബ്രാഞ്ചിന്റെ ടെലഫോൺ നമ്പർ | | |
| 15 | ബ്രാഞ്ചിന്റെ കോഡ് | | |
| 16 | എം.ഐ.സി.ആർ. കോഡ് | | |
| 17 | ബാങ്കിന്റെ ആർ.ടി.ജി.എസ്/ ഐ.എഫ്.എസ്.സി കോഡ് | | |
| 18 | അക്കൗണ്ട് ഇനം | കാഷ് ക്രെഡിറ്റ്/കറന്റ്/സേവിങ്സ് | |
| 19 | അക്കൗണ്ട് നമ്പർ | | |

| | | |
|---|---|---|
| 20 | ബാങ്ക് വായ്പ എടുത്ത വിവരം | |
| എ) | വിദ്യാഭ്യാസ വായ്പ | |
| ബി) | കാർ വായ്പ | |
| സി) | കെട്ടിട വായ്പ | |
| ഡി) | കാർഷിക വായ്പ | |
| ഇ) | മറ്റു വായ്പകൾ | |
| 21 | മറ്റു ബാങ്കുകളിൽ നിന്നെടുത്ത വായ്പകളുടെ വിശദവിവരം | |

മുകളിൽ പറഞ്ഞ വിവരങ്ങൾ എൻെറ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യവും പൂർണ്ണവുമാണെന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. അപൂർണ്ണവും അസത്യവുമായ വിവരങ്ങൾ നൽകിയതു കാരണം പണമിടപാടുകളിൽ ഏതെങ്കിലും തരത്തിലുള്ള കാലതാമസം ഉണ്ടാകുകയോ പണമിടപാട് നടക്കാതെ വരികയോ ചെയ്താൽ കൃഷി വകുപ്പിന് ബാധ്യത ഉണ്ടായിരിക്കുകയില്ല. കാലാകാലങ്ങളിൽ മുകളിൽ പറഞ്ഞ വിവരങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ അറിയിച്ചുകൊള്ളാമെന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം,

തിയ്യതി. കർഷകൻെറ ഒപ്പ്

## ബാങ്കിൻെറ / കൃഷി ഓഫീസറുടെ പരിശോധനാ റിപ്പോർട്ട്

ഞങ്ങളുടെ ഓഫീസ് രേഖകൾ പ്രകാരം മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം,

തിയ്യതി.

ബാങ്ക്/കൃഷി ഓഫീസറുടെ ഒപ്പ്

പേരും ഔദ്യോഗിക പദവിയും

സെക്ഷൻ ഓഫീസർ